©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2024 മേയ് 30<br>30th May 2024<br>1199 ഇടവം 16<br>16th Idavam 1199<br>1946 ജ്യേഷ്ഠം 9<br>9th Jyaishta 1946 | നമ്പർ<br>No. | 1738 |

**ഫോറം നമ്പർ 4**

**[ചട്ടം 11(3) കാണുക]**

**വിജ്ഞാപനം**

*DCTSR/7499/2023-E5* *30 മെയ് 2024*

കേരള സർക്കാർ 16/09/2019 ലെ 2159-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 12/04/2019 ലെ സ.ഉ.(സാധാരണ) നമ്പർ 1033/2019/റവ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിനെ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എൽ.എ. (ജനറൽ) തൃശ്ശൂർ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും, ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് തൃശ്ശൂർ ജില്ല, മുകുന്ദപുരം താലൂക്ക്, ചെങ്ങാലൂർ, പറപ്പൂക്കര വില്ലേജുകളിൽ നിന്ന് നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിലേക്കുള്ള സമാന്തര പാത നിർമ്മാണത്തിനു വേണ്ടി ആവശ്യമുണ്ടെന്നൊ ആവശ്യമുണ്ടായേക്കാമെന്നോ ജില്ല കളക്ടർക്ക് ബോധ്യമാകുന്നതിനാലും,

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 കേന്ദ്ര ആക്ട് 30) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ,

ഇപ്പോൾ തന്മൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് (ഓട്ടോണമസ്), രാജഗിരി പി ഒ, കളമശ്ശേരി, കൊച്ചി എന്ന യൂണിറ്റിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹിക പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

*ജില്ല: തൃശ്ശൂർ*

*താലൂക്ക് : മുകുന്ദപുരം* *വില്ലേജ്: ചെങ്ങാലൂർ, പറപ്പൂക്കര*

(ഏകദേശ വിസ്തീർണ്ണമാണ് നല്കിയിരിക്കുന്നത്)

| *ക്രമ നമ്പർ* | *വില്ലേജ്* | *സർവ്വേ നം / സബ്ഡിവിഷൻ നം* | *വിസ്തീർണം (ഹെക്ടറിൽ )* |
|---|---|---|---|
| 1 | ചെങ്ങാലൂർ | 862/5, 863/1, 867/1 | 2.60 |
| 2 | പറപ്പൂക്കര | 1008/2, 1008/3 | 4.70 |
| ആകെ | | | 7.30 |

(ഒപ്പ്)

ജില്ലാകളക്ടർ, *തൃശ്ശൂർ*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.05.30 09:21:43 +05:30